Mathrubhoomi
6/05/2023

# അംഗൻജ്യോതി പദ്ധതി: വൈദ്യുത പാചക ഉപകരണങ്ങൾ വിതരണം ചെയ്തു



അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങളുടെ വിതരണോദ്ഘാടനം മന്ത്രി കെ.കൃഷ്ണൻകുട്ടി നിർവഹിക്കുന്നു

**തിരുവനന്തപുരം** ▸ അങ്കണവാടികളെ ഊർജകാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ 198 അങ്കണവാടികൾക്ക് വൈദ്യുത പാചക ഉപകരണങ്ങൾ വിതരണം ചെയ്തു.

കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ, ഊർജക്ഷമത കൂടിയ ബി.എൽ.ഡി.സി. ഫാനുകൾ, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവയാണ് വിതരണം ചെയ്തത്.

ഇ.എം.സി.യിൽ നടന്ന ചടങ്ങിൽ മന്ത്രി കെ.കൃഷ്ണൻകുട്ടി ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു. 195 അങ്കണവാടി പ്രതിനിധികൾ ഉപകരണങ്ങൾ ഏറ്റുവാങ്ങി.

ഒരു അങ്കണവാടിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രതിവർഷം പാചകവാതക ഇനത്തിൽ 9000 രൂപയും വൈദ്യുതി ഇനത്തിൽ 4000 രൂപയും ലാഭിക്കാം.

കൂടാതെ 2 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും സാധിക്കും. വനിതാ ശിശു വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ അനീറ്റ, ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു, ഡയറക്ടർ ഡോ. ആർ.ഹരികുമാർ എന്നിവർ പ്രസംഗിച്ചു.